(സി) ഇപ്പോൾ എത്ര മദ്രസകൾക്ക് ഈ ഫണ്ടിൽ നിന്നും സഹായധനം നൽകി ;

(ഡി) സംസ്ഥാനത്തൊട്ടാകെ എന്തു തുകയാണ് ധനസഹായമായി നൽകിയത് ;

(ഇ) കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിനായി അനുവദിച്ച തുകയിൽ ഇനി എന്തുതുക ബാക്കിയുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിപ്രകാരം കേന്ദ്രസർക്കാർ 12,76,800 രൂപ അനുവദിക്കുകയുണ്ടായി.

(ബി) പ്രസ്തുത പദ്ധതി കേരളസാഹചര്യങ്ങൾക്കനുസൃതമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു നയപരമായ തീരുമാനം കൈക്കൊള്ളേണ്ടിയിരിക്കുന്നതിനാലാണ് തുക വിതരണം ചെയ്യുവാൻ കാലതാമസമുണ്ടായത്.

(സി,ഡി&ഇ) കേന്ദ്ര സർക്കാർ അനുവദിച്ച ഗ്രാന്റ് മുഴുവനും അർഹതപ്പെട്ട 42 മദ്രസകൾക്ക് വിതരണം ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ട്.

ഹൗസിംഗ് ബോർഡ് നിർമ്മിച്ചു നൽകിയ ഭവനങ്ങൾ

75 (1325) ശ്രീ. എളമരം കരിം: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഹൗസിംഗ് ബോർഡ് എത്ര പുതിയ വീടുകൾ നിർമ്മിച്ചു നൽകി ;

(ബി) ഈ കാലയളവിൽ ബോർഡ് എത്ര തുക ഭവന നിർമ്മാണവായ്പയായി നൽകി ?

ഉത്തരം

(എ) 4-1997 മുതൽ 31-1-2000 വരെ സംസ്ഥാന ഭവനനിർമ്മാണ ബോർഡ് 143320 പുതിയ വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

(ബി) 1-4-1997 മുതൽ 31-1-2000 വരെ 56510.81 ലക്ഷം രൂപ വായ്പയായി ഗുണഭോക്താക്കൾക്ക് ബോർഡ് നൽകിയിട്ടുണ്ട്.

ഹൗസിംഗ് ബോർഡ് നടപ്പിലാക്കുന്ന സമ്പൂർണ്ണ ഭവന പദ്ധതി

76 (1326) ശ്രീ. ബി. വിജയകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡ് നടപ്പിലാക്കിവരുന്ന സമ്പൂർണ്ണ ഭവന പദ്ധതി എത്ര പഞ്ചായത്തുകളിൽ ഇതിനകം നടപ്പിലാക്കി കഴിഞ്ഞു ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിപ്രകാരം ഓരോ പഞ്ചായത്തിലും എത്രപേരെ വീതമാണ് ഹൗസിംഗ് ബോർഡ് സ്പോൺസർ ചെയ്യുന്നത് ; എത്ര വീതം സൗജന്യധനസഹായം ബോർഡ് നൽകുന്നതിന് ഉദ്ദേശിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly